# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3970 25.06.2018 ലെ മറുപടിയ്ക്ക്

## മിശ്രവിവാഹിതർക്ക് നൽകുന്ന ധനസഹായം

| | ചോദ്യം<br><br>ശ്രീ.ഡി.കെ.മുരളി | | മറുപടി<br><br>ശ്രീ.എ.കെ ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | പട്ടികജാതി വകുപ്പ് മുഖേന മിശ്രവിവാഹിതർക്ക് നൽകുന്ന ധനസഹായം ലഭിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾ, നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ; | (എ) | മിശ്ര വിവാഹിതരായ ദമ്പതികളിൽ ഒരാൾ പട്ടികജാതിയിലും പങ്കാളി ഇതര സമുദായത്തിൽപ്പെട്ടതുമായിരിക്കണം. വിവാഹത്തെ തുടർന്ന് ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായാണ് ധനസഹായം നൽകി വരുന്നത്. വിവാഹ ശേഷം ഒരു വർഷം കഴിഞ്ഞ് 3 വർഷത്തിനകം അപേക്ഷിക്കണം. ഭാര്യാ ഭർത്താക്കൻമാരുടെ ജാതി സർട്ടിഫിക്കറ്റുകൾ, കുടുംബ വാർഷിക വരുമാനം, സഹവാസ സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. രണ്ടുപേരുടെയും കൂടി പ്രതിവർഷ വരുമാനം 1,00,000/- രൂപയിൽ കവിയാൻ പാടില്ല. |
| ബി) | ധനസഹായം നൽകുന്ന തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ? | (ബി) | മിശ്രവിവാഹിതർക്ക് 75,000/- രൂപയാണ് ധനസഹായം നൽകുന്നത് |

സെക്ഷൻ ഓഫീസർ